കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്


e-mail: dopkd.ksad@kerala.gov.in

www.http://ksad.kerala.gov.in/


# ചളവറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി16/1413/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി: 04.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചളവറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചളവറ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചളവറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം-1 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച

ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി16/1413/2019 തിയ്യതി: 04.05.2020

പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11-9-18 മുതൽ 17-9-19 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സതീശൻ.എൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18-09-2019 മുതൽ 28-09-2019 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.എൻ.സുമേഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.മുഹമ്മദ് ഫാറൂഖ്.കെ.പി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. രാജൻ. കെ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ഹിഷാം.എം | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പി.വൽസല | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ.സ്റ്റാലിൻഗോമസ് | 01-04-2018 മുതൽ 30-06-2018 വരെ |
| | ശ്രീ.ബിനു വർഗ്ഗീസ് | 01-07-2018 മുതൽ 31-03-2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വി.ഇ.ഒ | ശ്രീ.വിജയൻ.കെ.ജെ | 1-4-2018 മുതൽ 31-3-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.മീര എ.വി | 1-4-2018 മുതൽ 31-3-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.സിജി ജോസ് | 1-4-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | ഡോ. ധനീഷ് പി.പി | 1-4-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.സമീർ ബാബു | 1-4-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.ട്വിങ്കിൾ .എസ്. | 1-4-2018 മുതൽ 29-10-2018 വരെ |
| | ഡോ.അനുരൂപ്.കെ ശങ്കരൻ | 30-10-2018 മുതൽ 31-3-2019 വരെ |
| അസി.സെക്രട്ടറി | പ്രതീഷ്.വി.വി | 1-4-2018 മുതൽ 31-3-2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി പ്രസന്ന. ടി.കെ | 1-4-2018 മുതൽ 31-3-2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ശ്രീജ.എസ് | 1-4-2018മുതൽ 14-8-2018 വരെ |
| | അപർണ.ടി.ജി | 14-8-2018മുതൽ 31-3-2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.സുജിത്ത്.എം.എസ് | 1-4-2018 മുതൽ 31-03-2019വരെ |

ഉള്ളടക്കം

ഭാഗം 1


| ക്രമ നം | ഇനം | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-10 |
| 11 | കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിൽ പിഴ ചുമത്തിയില്ല - പിഴയിനത്തിൽ ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം | 1-11 |
| 12 | വയോജനങ്ങൾക്ക് ഉപകരണങ്ങളും മരുന്നും നൽകൽ - ക്രമ പ്രകാരമല്ല | 1-12 |
| 13 | ടെണ്ടർ ഫീസ് ഈടാക്കാൻ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല | 1-13 |
| 14 | സ്പിൽഓവർ പ്രൊജക്റ്റുകൾ പൂർത്തീകരിക്കാതെ തുടരുന്നു- | 1-14 |
| 15 | വസ്തുനികുതി-കെട്ടിടത്തിന്റെ തരം തെറ്റായി നിർണ്ണയിച്ചത് മൂലം വരുമാന നഷ്ടം | 1-15 |
| 16 | രസീതി പിരിവിലെ അപാകതകൾ സംബന്ധിച്ച് | 1-16 |
| 17 | ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല. | 1-17 |
| 18 | ക്രമവത്ക്കരണം നടത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. | 1-18 |
| 19 | ഹോമിയോ മരുന്നുകൾ ലഭിച്ചിട്ടില്ല | 1-19 |
| 20 | നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല | 1-20 |
| 21 | ആയുർവേദാശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം | 1-21 |
| 22 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗരേഖകൾ ഹാജരാക്കണം | 1-22 |

| | | |
|---|---|---|
| 23 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കണം | 1-23 |
| 24 | ക്ഷീരകർഷകർക്ക് അർഹമായ സബ്സിഡി നൽകിയില്ല | 1-24 |
| 25 | കശാപ്പുശാലകളും ഇറച്ചിക്കടകളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-25 |
| 26 | അസാധാരണച്ചെലവ് രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-26 |
| 27 | ഔദ്യോഗിക വാഹനങ്ങളുടെ പരിപാലനം- സർക്കാർ ഉത്തരവുകളും നിർദേശങ്ങളും പാലിക്കപ്പെടുന്നില്ല | 1-27 |
| 28 | അനർഹന് സബ്സിഡി നൽകി | 1-28 |

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

-ഒന്നുമില്ല-

| ഭാഗം-3 | | |
|---|---|---|
| ക്രമ നം. | ഇനം | ഖണ്ഡിക നം. |
| ഒന്നുമില്ല | | |

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുക | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

23.3.18 തീയതിയിലെ 1(1) തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-19 | 16.5.19 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11446808 |
| വരവ് | 80651447 |
| ആകെ | 92098255 |
| ചെലവ് | 68656757 |
| നീക്കിയിരിപ്പ് | 23441498 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12675471 | 12675471 | 11501290 | 1174181 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 12745000 | 12745000 | 10146519 | 2598481 |
| മെയിന്റനൻസ്, റോഡ് | 0 | 14457000 | 14457000 | 9133106 | 5323894 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3095000 | 3095000 | 2713316 | 381684 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 5884000 | 5884000 | 5282320 | 601680 |
| സാക്ഷരത | 209 | 0 | 209 | 209 | 0 |
| ദുരിതാശ്വാസനിധി | 96321 | 6981 | 103302 | 0 | 103302 |

| | | | | | | |
|---|---|---|---|---|---|---|
| MN ലക്ഷം വീട് | | 510088 | 20338 | 530426 | 0 | 530426 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 14073850 | 14073850 | 14073850 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 55 | 628805 | 628860 | 628666 | 194 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 50713 | 4836102 | 4886815 | 2049891 | 2836924 |
| | ബ്ലോക്ക് പഞ്ചായത്ത് | 2037000 | 9448856 | 11485856 | 5078693<br>1665209* | 4741954 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് SBT, ചെർപ്പുളശ്ശേരി | 356542 | 3153861 | 3510403 | 1179644 | 2330759 |
| | ട്രഷറി അക്കൗണ്ട് | 4606276 | 10812591 | 15418867 | 13728948 | 1689919 |
| | KSCB(820) തനത് ഫണ്ട് | 1837815 | 5612486 | 7450301 | 4115305 | 3334996 |
| ബി ഫണ്ട് | | 0 | 422280 | 422280 | 422280 | 0 |
| ഐ.സി.ഡി.എസ് | | 434575 | 594075 | 1028650 | 525840 | 542810 |
| TSC | | 355881 | 0 | 355881 | 0 | 355881 |
| TSC (Others) | | 25000 | 605479 | 630479 | 0 | 630479 |
| ശുചിത്വ മിഷൻ | | 240795 | 1350000 | 1590795 | 0 | 1590795 |

Joint venture ബ്ലോക്ക് ഷെയർ ഇനത്തിൽ മുന്നിരിപ്പുൾപ്പെടെ തൻവർഷത്തെ ആകെ വരവ് 11485856 രൂപയാണ്. ഇതിൽ നിന്നും തൻവർഷത്തെ യഥാർത്ഥ ചെലവ് തുക (5078693) രൂപ കിഴിച്ച് നീക്കിയിരിപ്പുണ്ടാവേണ്ടത് 6407613/- രൂപയാണ്. എന്നാൽ വാർഷിക കണക്കിലെ B-4 പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ നീക്കിയിരിപ്പ് 4741954 രൂപയാണ് (1870163 + 2871791). 31.3.2019-ന് Book adjustment വഴി 1665209 രൂപ കൂടി ചേർത്ത് (JV മുഖേന) ക്രമീകരിച്ചതായി കാണുന്നതിനാൽ ആ തുക ചെലവിൽ പ്രത്യേകമായി ചേർത്തിട്ടില്ല.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 187 | 109283425 | 132 | 53064510 | 0 | 55 | 71 |

<u>2018-19 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 71% പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്.</u>

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| വെറ്ററിനറി സർജ്ജൻ | 5 | 5 | 2060000 | 621700 | 30 |
| മെഡിക്കൽ ഓഫീസർ-PHC | 2 | 2 | 800000 | 799810 | 100 |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 1000000 | 1000000 | 100 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 350000 | 350000 | 100 |
| വി.ഇ.ഒ | 12 | 7 | 41380570 | 12717670 | 31 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 5273400 | 4011117 | 76 |
| സെക്രട്ടറി | 17 | 13 | 9690060 | 4602243 | 47 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 136 | 92 | 38488140 | 20334505 | 53 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 300000 | 300000 | 100 |
| അസി.സെക്രട്ടറി | 6 | 4 | 5051255 | 3635175 | 72 |
| കൃഷി ഓാഫീസർ | 2 | 2 | 4890000 | 4692290 | 96 |
| ആകെ | 187 | 132 | 109283425 | 53064510 | 49 |

# 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ തുക |
|---|---|---|
| തൊഴിൽരഹിത വേതനം | | 62280 |
| കർഷകതൊഴിലാളി പെൻഷൻ | 337 | 4645000 |
| വിധവാപെൻഷൻ | 1063 | 13306100 |
| വാർദ്ധക്യകാലപെൻഷൻ | 1530 | 19539000 |
| [illegible] | | |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 307 | 3458600 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതയായവർക്കുള്ള പെൻഷൻ | 138 | 1700500 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 10 | 300000 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.9.2019 ന് ഉച്ചയ്ക്ക് 3-00 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹.5931/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-08-2019 | 07/2019 | 16-08-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-7-2009 മുതൽ 3-8-2009 വരെ | 2004-05 മുതൽ 2008-09 വരെ | LBA(HQ)/iv/8A-1451/179 തി.26-8-2009 |

# 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു.

- ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ കുറേക്കൂടി കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്. തൻവർഷം പഞ്ചായത്തിന്റെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. മുതൽമുടക്ക് ആവശ്യമായി വരുന്ന എല്ലാ പ്രക്രിയകൾക്കും ബഡ്ജറ്റ് തയ്യാറാക്കി വരുമാന സമാഹരണ തന്ത്രങ്ങൾ ഗ്രാമ സഭ മുൻപാകെ വെളിപ്പെടുത്തണമെന്ന നിർദ്ദേശവും യഥാവിധി പാലിക്കപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. ഇപ്രകാരമുള്ള അപാകത നിലനിൽക്കുമ്പോൾ വാർഷിക ബജറ്റിൽ തുക വകയിരുത്താതെ പോകുന്നതിനും യഥാർത്ഥത്തിൽ ആവശ്യമായ തുക ചെലവഴിക്കുവാൻ സാധിക്കാതെ പോകുന്നതിനും

കാരണമാകുമെന്നതിനാൽ നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ കുറേക്കൂടി കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്.

- സംയുക്ത പ്രൊജക്റ്റിനായി ലഭ്യമായ തുക പൂർണ്ണമായി സമയബന്ധിതമായി ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. സംയുക്ത പ്രൊജക്റ്റുകൾക്കായി ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നു ലഭ്യമാകുന്ന തുകകളുടെ വരവു ചെലവുകളുടെ വിവരം സൂക്ഷിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്.
- മുന്നിരിപ്പുകൾ ഉൾപ്പെടെ ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
- പർച്ചേസ് കമ്മിറ്റി യഥാസമയം കൂടി വാങ്ങൽ നടപടികളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നില്ല.
-

<u>രേഖകളുടെ സൂക്ഷിപ്പ്</u>

- സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. സാധനസാമഗ്രികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.
- വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് ലോഗ് ബുക്കുകൾക്കു പുറമെ ഫ്യുവൽ ഓർഡർ ബുക്ക്, ഇന്ധനത്തിന്റെ ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ എന്നിവ കൂടി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

# 1-10 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രിക ബി-4 ഷെഡ്യൂൾ പ്രകാരം സംയുക്ത പദ്ധതി ബ്ലോക്ക് വിഹിതത്തിന്റെ വരവിൽ നിന്നും ചെലവ് കഴിച്ചുള്ള നീക്കിയിരിപ്പ് 4741954/- രൂപയാണ്. എന്നാൽ ബ്ലോക്ക് വിഹിതം മുന്നിരിപ്പുൾപ്പെടെയുള്ള (OB-2037000 + Rt 9448856) ആകെ വരവ് 11485856 രൂപയിൽ നിന്നും ചെലവു പത്രിക പ്രകാരമുള്ള ചെലവു തുക 5078693/- രൂപ ( ഈ റിപ്പോർട്ടിലെ ഖണ്ഡിക 4-2 കാണുക) കുറയ്ക്കുമ്പോൾ നീക്കിയിരിപ്പ് ഉണ്ടാവേണ്ടത് 6407163/- രൂപയാണ്. 31.3.2019-ന് Head Code No. 320700204ൽ ജേണൽ വൗച്ചർ മുഖേന 1665209/- രൂപ ചെലവിനത്തിൽ adjustment entry വരുത്തിയാണ് 4741954 എന്ന നീക്കിയിരിപ്പിൽ എത്തിയിട്ടുള്ളത് എന്നു കാണുന്നു. 2018-19 വർഷത്തെ Expenditure Statement-ൽ ഉൾപ്പെടാത്ത ഈ ചെലവ് ഏത് വർഷവുമായി ബന്ധപ്പെട്ടതാണ് എന്ന് വ്യക്തമാക്കിയിട്ടില്ല.

# 1-11 കരാർ കാലാവധിക്കുള്ളിൽ

# പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പൊതുമരാമത്ത് മാനവൽ അനുശാസിക്കുന്ന തരത്തിൽ പിഴ ചുമത്തിയില്ല - പിഴയിനത്തിൽ ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 വർഷത്തിൽ വിഭാവനം ചെയ്തതും 2018-19 വർഷം നടപ്പിലാക്കിയതുമായ ഏതാനും മരാമത്ത് പ്രവൃത്തികൾ എഗ്രിമെന്റ് വച്ച കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ കരാർ ദുർബലപ്പെടുത്തുകയോ പിഴ ചുമത്തിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്തില്ല. കരാർ കാലാവധി ദീർഘിപ്പിച്ച നൽകുന്നതിനായി കരാറുകാർ അപേക്ഷ നൽകിയതായി രേഖകൾ ഫയലിൽ സൂക്ഷിച്ചിരുന്നില്ല. ആയതിനാൽ അപേക്ഷയെ സംബന്ധിച്ച കൃത്യമായ വിവരം ഓഡിറ്റിൽ പരിശോധിച്ച് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ദീർഘിപ്പിക്കലിന് അനുമതി നൽകിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനവും ഫയലിനോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. . ജി.ഒ.(പി)13/2012/PWD/01-02-2012 പ്രകാരമുള്ള പുതുക്കിയ പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിലല്ല എഗ്രിമെന്റ് ചമച്ചിട്ടുള്ളത് തന്മൂലം പിഴയിനത്തിൽ കുറവുണ്ടായിട്ടുണ്ട്. കരാർ ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിക്കുന്ന പ്രവൃത്തികൾ അനധികൃതമാണ്. പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിലുള്ള നടപടിക്രമങ്ങൾ പാലിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമ പഞ്ചായത്തിന് നികുതിയേതര ഇനത്തിലുള്ള വരുമാന നഷ്ടവുമുണ്ടായി.

ജി.ഒ.(പി)13/2012/PWD/01-02-2012 പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പൂർത്തീകരണത്തിനുള്ള കാലാവധി ദീർഘിപ്പിക്കൽ ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവെങ്കിൽ അത്) അധികരിക്കാവുന്നതല്ല. പരമാവധി ദീർഘിപ്പിച്ച നൽകാവുന്ന സമയം ഒറിജിനൽ സമയത്തിന്റെ 50% ൽ അധികരിക്കാനും പാടില്ല എന്നാണ് വ്യവസ്ഥ. ആദ്യത്തെ തവണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാർ തുകയുടെ(PAC) 1% തുകയും (മിനിമം 1000/- രൂപ, മാക്സിമം 50000/- രൂപ) ആദ്യതവണക്ക് ശേഷം കരാർ തുകയുടെ(PAC) 2% തുകയുമാണ് (മിനിമം 2000/- രൂപ, മാക്സിമം 100000/- രൂപ) പിഴയായി ചുമത്തേണ്ടത്. എന്നാൽ മേൽ നിബന്ധന പ്രകാരമല്ല എഗ്രിമെന്റ് ചമച്ചത് എന്നതിനാൽ കരാറുകാരുമായി ചമച്ച എഗ്രിമെന്റ് വ്യവസ്ഥകളിലെ നിബന്ധന 7 പ്രകാരം ഗ്രേസ്സ്പിരീഡ് (20% സമയം) കഴിഞ്ഞ് ആദ്യത്തെ മൂന്ന് മാസത്തിന് പിഎസിയുടെ 1%വും, അടുത്ത ഓരോ മൂന്ന് മാസത്തിനും 2%വും എന്ന നിരക്കിൽ പണി പൂർത്തിയാക്കാൻ എടുത്ത അധിക സമയത്തിന് താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | PAC തുക | അധിക സമയത്തിന് ചുമത്തേണ്ട പിഴ |
|---|---|---|---|
| 1 | 172/19(185/18) ചിറയിൽ കോളനി റോഡ് കോൺക്രീറ്റിംങ് | 178575 | പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം-ഗ്രേസ് |

| | | | |
|---|---|---|---|
| | അടങ്കൽ : 218100 (പ്ലാൻ scp)<br><br>ചെലവ് : 176110<br><br>എഗ്രിമെന്റ് നം./ : 16/17-18/ae/lsgd/chva/തീയതി/16-12-17<br><br>പ്രവൃത്തി ആരംഭിച്ച തീയതി : 16-12-17<br><br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br><br>പൂർത്തീകരിച്ച തീയതി: 27-12-18<br><br>കരാറുകാരൻ : ഇസ്മയിൽ .ഒ<br><br>എം.ബുക്ക്.നം.1552/18-19<br><br>ബിൽ നം.52 /18-19തീയതി :14-01-19<br><br>തുക 176110/- | | പിരിയഡ് ഉൾപ്പെടെ=108 ദിനങ്ങൾ<br><br>16-12-17 മുതൽ 02-04-18 വരെ- പിഴയില്ല 3-4-18 മുതൽ 01-07-18 വരെ- 1% (178575*1%)=1786<br><br>02-07-18 മുതൽ 29-09-18 വരെ- 2% (178575*2%=3572<br><br>30-09-18 മുതൽ 26-12-18 വരെ- 2% (178575*2%)*88/90 =3493<br><br>ആകെ=8851 |
| 2 | 131/19(123/17) കല്ലംപറമ്പ് നം.2 കോളനി റോഡ് സൈഡ് വാൾ പ്രൊട്ടക്ഷൻ<br><br>അടങ്കൽ : 250000 (പ്ലാൻ scp)<br><br>ചെലവ് : 228499<br><br>എഗ്രിമെന്റ് നം./ :65/16-17 /ae/lsgd/chva/തീയതി/13-3-17<br><br>പ്രവൃത്തി ആരംഭിച്ച തീയതി : 13-03-17<br><br>പ്രവൃത്തിയുടെ കാലാവധി : 6മാസം<br><br>പൂർത്തീകരിച്ച തീയതി: 20-03-18<br><br>കരാറുകാരൻ : കെ.പി. ആർമിയ സഗീർ<br><br>എം.ബുക്ക്.നം.1444/18<br><br>ബിൽ നം.5 /18-19തീയതി :25-05-18<br><br>തുക 228499/- | 249345 | പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം-ഗ്രേസ് പിരിയഡ് ഉൾപ്പെടെ=216 ദിനങ്ങൾ<br><br>13-03-17 മുതൽ 14-10-17 വരെ- പിഴയില്ല 15-10-17 മുതൽ 12-01-18 വരെ- 1% (249345*1%)=2493<br><br>13-01-18 മുതൽ 19-03-18 വരെ- 2% (249345*2%)*56/90<br><br>=3103<br><br>ആകെ=5596 |
| 3 | 215/19(173/17) പെരുംകുളം കനാൽപാലം നിർമ്മാണം<br><br>അടങ്കൽ : 360000 (cfc grant)<br><br>ചെലവ് : 359440 | 359440 | പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം-ഗ്രേസ് പിരിയഡ് ഉൾപ്പെടെ=144 ദിനങ്ങൾ |

| | | | |
|---|---|---|---|
| | എഗ്രിമെന്റ് നം./ :48/ /ae/lsgd/chva/17-18തീയതി/11-1-18<br><br>പ്രവൃത്തിയുടെ കാലാവധി : 4മാസം<br><br>പ്രവൃത്തി ആരംഭിച്ച തീയതി : 11-01-18<br><br>പൂർത്തീകരിച്ച തീയതി: 18-01-19<br><br>കരാറുകാരൻ : സി.പി.അബൂബക്കർ<br><br>എം.ബുക്ക്.നം.1514/18-19, 1554/18-19<br><br>ബിൽ നം.5 /18-19തീയതി :25-05-18<br><br>തുക 359440 | | 11-1-18 മുതൽ 03-06-18 വരെ- പിഴയില്ല 4-06-18 മുതൽ 01-09-18 വരെ- 1% (359440*1%)=3594<br><br>2-09-18 മുതൽ 30-11-18 വരെ- 2% (359440*2%=7189<br><br>1-12-18 മുതൽ 17-01-19 വരെ- 2% (359440*2%)*48/90 =3834<br><br>ആകെ=14617 |
| 4 | 157/19(146/18) കണ്ണംപാറപ്പള്ളിയാൽ ചെട്ടിത്തൊടി റോഡ് പാർശ്വഭിത്തി നിർമ്മാണം<br><br>അടങ്കൽ : 150000 (mg road)<br><br>ചെലവ് : 108085<br><br>എഗ്രിമെന്റ് നം./ :61/ /ae/lsgd/chva/17-18തീയതി/17-3-18<br><br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br><br>പ്രവൃത്തി ആരംഭിച്ച തീയതി : 17-03-18<br><br>പൂർത്തീകരിച്ച തീയതി: 24-01-19<br><br>കരാറുകാരൻ : ഒ.കെ.ബാലൻ<br><br>എം.ബുക്ക്.നം. 1555/18-19<br><br>ബിൽ നം.70 /18-19തീയതി :11-03-19<br><br>തുക 108085 | 147926 | പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം-ഗ്രേസ് പിരിയഡ് ഉൾപ്പെടെ=108 ദിനങ്ങൾ<br><br>17-3-18 മുതൽ 2-07-18 വരെ- പിഴയില്ല 3-7-18 മുതൽ 30-09-18 വരെ- 1% (147926*1%)=1479<br><br>1-10-18 മുതൽ 29-12-18 വരെ- 2% (147926*2%=2959<br><br>30-12-18 മുതൽ 23-01-19 വരെ- 2% (147926*2%)*25/90 =822<br><br>ആകെ=5260 |
| 5 | 174/19(202/18) ആയുർവേദ ഹോസ്പിറ്റൽ ബിൽഡിംങ് മെയിന്റെനൻസ്<br><br>അടങ്കൽ : 150000 (mg non road)<br><br>ചെലവ് : 149956 | 149956 | പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം-ഗ്രേസ് പിരിയഡ് ഉൾപ്പെടെ=120 ദിനങ്ങൾ<br><br>22-12-17 മുതൽ 20-04-18 വരെ- പിഴയില്ല 21-4-18 |

| | | | |
|---|---|---|---|
| | എഗ്രിമെന്റ് നം./ :24/ /ae/lsgd/chva/17-18തീയതി/22-12-17<br><br>പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി : 31-03-18<br><br>പ്രവൃത്തി ആരംഭിച്ച തീയതി : 22-12-17<br><br>പൂർത്തീകരിച്ച തീയതി: 11-02-19<br><br>കരാറുകാരൻ : അർമിയ സജീർ<br><br>എം.ബുക്ക്.നം. 1566/18-19<br><br>ബിൽ നം.88 /18-19തീയതി :19-03-19<br><br>തുക 149956 | | മുതൽ 19-07-18 വരെ- 1% (149956*1%)=1500<br><br>20-07-18 മുതൽ 17-10-18 വരെ- 2% (147926*2%=3000<br><br>18-10-18 മുതൽ 16-01-19 വരെ- 2% (147926*2%)3000<br><br>17-1-19മുതൽ 10-02-19 വരെ- 2% (147926*2%)25/90=822<br><br>ആകെ=8322 |
| 6 | 176/19(211/18) കരുത്തൊടിപ്പടി റോഡ് റീടാറിംങ്<br><br>അടങ്കൽ : 150000 (mg non road)<br><br>ചെലവ് : 105017<br><br>എഗ്രിമെന്റ് നം./ :65/ /ae/lsgd/chva/17-18തീയതി/21-03-18<br><br>പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി : 3 മാസം<br><br>പ്രവൃത്തി ആരംഭിച്ച തീയതി : 21-03-18<br><br>പൂർത്തീകരിച്ച തീയതി: 26-12-18<br><br>കരാറുകാരൻ : പി.മുഹമ്മദ് മുസ്തഫ<br><br>എം.ബുക്ക്.നം. 1508/18-19<br><br>ബിൽ നം.53/18-19തീയതി :14-01-19<br><br>തുക 105017 | 149227 | പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം-ഗ്രേസ് പിരിയഡ് ഉൾപ്പെടെ=108 ദിനങ്ങൾ<br><br>21-3-18 മുതൽ 6-07-18 വരെ- പിഴയില്ല 7-7-18 മുതൽ 4-10-18 വരെ- 1% (149227*1%)=1492<br><br>5-10-18 മുതൽ 25-12-18 വരെ- 2% (149227*2%)*82/90<br><br>=2719<br><br>ആകെ=4211 |
| 7 | 76/19(211/18) പട്ടത്തിൽ കോളനി റോഡ് ഫോർമേഷൻ & കോൺക്രീറ്റിംങ്<br><br>അടങ്കൽ : 300000 (dev.fund scp)<br><br>ചെലവ് : 223695 | 223695 | പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം-ഗ്രേസ് പിരിയഡ് ഉൾപ്പെടെ=108 ദിനങ്ങൾ<br><br>29-3-18 മുതൽ 14-07-18 വരെ- പിഴയില്ല 15-7-18 മുതൽ 12-10-18 വരെ- 1% (223695*1%)=2237 |

| | | | |
|---|---|---|---|
| | എഗ്രിമെന്റ് നം./ :76/ /ae/lsgd/chva/17-18തീയതി/29-03-18<br><br>പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി : 3 മാസം<br><br>പ്രവൃത്തി ആരംഭിച്ച തീയതി : 29-03-18<br><br>പൂർത്തീകരിച്ച തീയതി: 22-11-18<br><br>കരാറുകാരൻ : പി. അബ്ദുൾ റഹിമാൻ<br><br>എം.ബുക്ക്.നം. 1516/18-19<br><br>ബിൽ നം.44/18-19തീയതി :30-11-18<br><br>തുക 223695 | | 13-10-18 മുതൽ 21-11-18 വരെ-2% (223695*2%)*43/90 =2138<br><br>ആകെ=4375 |
| 8 | 184/19(228/18) ചിറയിൽ കോളനി ഡ്രൈനേജ്<br><br>അടങ്കൽ : 200000 (finance commission grant)<br><br>ചെലവ് : 185002<br><br>എഗ്രിമെന്റ് നം./ :22/ /ae/lsgd/chva/17-18തീയതി/22-12-18<br><br>പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി : 3 മാസം<br><br>പ്രവൃത്തി ആരംഭിച്ച തീയതി : 22-12-17<br><br>പൂർത്തീകരിച്ച തീയതി: 13-11-18<br><br>കരാറുകാരൻ : .പി. അർമിയ സഗീർ<br><br>എം.ബുക്ക്.നം. 1536/18-19<br><br>ബിൽ നം.38/18-19തീയതി :27-11-18<br><br>തുക 185002 | 188409 | പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം-ഗ്രേസ് പിരിയഡ് ഉൾപ്പെടെ=108 ദിനങ്ങൾ<br><br>22-12-17 മുതൽ 20-04-18 വരെ- പിഴയില്ല 21-4-18 മുതൽ 19-07-18 വരെ- 1% (188409*1%)=1884<br><br>20-07-18 മുതൽ 17-10-18 വരെ- 2% (188409*2%=3768<br><br>18-10-18 മുതൽ 12-11-18 വരെ-2% (188409*2%)*26/90<br><br>=1089<br><br>ആകെ=6741 |
| 9 | 149/19(136/18) വട്ടോളിക്കുന്ന് കനാൽ റോഡ് മെറ്റലിംങ്, ടാറിംങ്<br><br>അടങ്കൽ : 290000 (mg road)<br><br>ചെലവ് : 247768<br><br>എഗ്രിമെന്റ് നം./ :53/ /ae/lsgd/chva/17-18തീയതി/7- | 260624 | പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം-ഗ്രേസ് പിരിയഡ് ഉൾപ്പെടെ=108 ദിനങ്ങൾ<br><br>7-3-18 മുതൽ 22-06-18 വരെ- പിഴയില്ല 23-6-18 മുതൽ 20-9-18 വരെ- 1% (260624*1%)=2606 |

| | | | |
|---|---|---|---|
| | 03-18<br>പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി : 3 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 07-03-18<br>പൂർത്തീകരിച്ച തീയതി: 15-02-19<br>കരാറുകാരൻ : സെയ്തലവി.കെ<br>എം.ബുക്ക്.നം. 1590/18-19<br>ബിൽ നം.101 /18-19തീയതി :<br>തുക 247768 | | 21-9-18 മുതൽ 19-12-18 വരെ- 2% (260624*2%=5212<br>20-12-18 മുതൽ 14-02-19 വരെ- 2% (260624*2%)*67/90 =3880<br>ആകെ=11698 |
| 10 | 150/19 (139/18) മല്ലൂർത്തൊടി-വരാട് പറമ്പ് റോഡ്<br>അടങ്കൽ : 450000 (mg road)<br>ചെലവ് : 251083<br>എഗ്രിമെന്റ് നം./ :56/ /ae/lsgd/chva/17-18തീയതി/07-03-18<br>പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി : 3 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 07-03-18<br>പൂർത്തീകരിച്ച തീയതി: 14-02-19<br>കരാറുകാരൻ : സെയ്തലവി.കെ<br>എം.ബുക്ക്.നം. 1111/17-18, 1585/18-19<br>1).ബിൽ നം.26/18-19തീയതി :23-08-18 തുക 148112<br>2).ബിൽ നം.87/18-19തീയതി :19-03-19 തുക 102971<br>തുക 251083 | 396117.93 | പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം-ഗ്രേസ് പിരിയഡ് ഉൾപ്പെടെ=108 ദിനങ്ങൾ<br>7-3-18 മുതൽ 22-06-18 വരെ- പിഴയില്ല 23-6-18 മുതൽ 20-9-18 വരെ- 1% (396118*1%)=3961<br>21-9-18 മുതൽ 19-12-18 വരെ- 2% (396118*2%=7922<br>20-12-18 മുതൽ 13-02-19 വരെ- 2% (396118*2%)*66/90 =5810<br>ആകെ=17693 |
| 11 | 166/19(165/18) അക്കരക്കാട്ടിൽ മദ്രസ റോഡ് മെറ്റലിംങ്, ടാറിംങ്<br>അടങ്കൽ : 233000 (mg road)<br>ചെലവ് : 213616<br>എഗ്രിമെന്റ് നം./ :72/ /ae/lsgd/chva/17-18തീയതി/29-03-18 | 213615.94 | പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം-ഗ്രേസ് പിരിയഡ് ഉൾപ്പെടെ=108 ദിനങ്ങൾ<br>29-3-18 മുതൽ 14-07-18 വരെ- പിഴയില്ല 15-7-18 മുതൽ 12-10-18 വരെ- 1% (213616*1%)=2136 |

| | | | |
|---|---|---|---|
| | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി : 3 മാസം<br><br>പ്രവൃത്തി ആരംഭിച്ച തീയതി : 29-03-18<br><br>പൂർത്തീകരിച്ച തീയതി: 29-12-18<br><br>കരാറുകാരൻ : .സെയ്തലവി.കെ<br><br>എം.ബുക്ക്.നം. 1110/18-19, 1557/18-19<br><br>1).ബിൽ നം.27/18-19തീയതി :23-08-18 തുക 154964<br><br>2)..ബിൽനം.85/18-19തീയതി :19-03-19 തുക 58652<br><br>തുക 213616 | | 13-10-18 മുതൽ 28-12-18 വരെ- 2% (213616*2%)*77/90 =3655<br><br>ആകെ=5791 |
| 12 | 176/19(൦൦/18) ബഡ്സ് സ്കൂൾ ചുറ്റുമതിൽ, യാർഡ് ടൈലിംങ്<br><br>അടങ്കൽ : 475000 (finance commission grant)<br><br>ചെലവ് : 410689<br><br>എഗ്രിമെന്റ് നം./ :47/ /ae/lsgd/chva/17-18തീയതി/11-01-18<br><br>പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി : 4മാസം<br><br>പ്രവൃത്തി ആരംഭിച്ച തീയതി : 11-01-18<br><br>പൂർത്തീകരിച്ച തീയതി: 29-1-19<br><br>കരാറുകാരൻ :പി .മുഹമ്മദ് മുസ്തഫ<br><br>എം.ബുക്ക്.നം. 1507/18-19 1571/18-19,<br><br>.ബിൽ നം.83/18-19തീയതി :11-03-19<br><br>തുക 410689 | 470235 | പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം-ഗ്രേസ് പിരിയഡ് ഉൾപ്പെടെ=144 ദിനങ്ങൾ<br><br>11-1-18 മുതൽ 03-06-18 വരെ- പിഴയില്ല 4-06-18 മുതൽ 01-09-18 വരെ- 1% (470235*1%)=3594<br><br>2-09-18 മുതൽ 30-11-18 വരെ- 2% (470235*2%=7189<br><br>1-12-18 മുതൽ 28-01-19 വരെ- 2% (470235*2%)*59/90 =6165<br><br>ആകെ=16948 |
| 13 | 180/19(218/18) പുളിങ്കുളം ചേറമ്പറ്റക്കാവ് റോഡ് റീടാറിംങ്<br><br>അടങ്കൽ : 150000 (fin.commission grant)<br><br>ചെലവ് : 148636 | 148636 | പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം-ഗ്രേസ് പിരിയഡ് ഉൾപ്പെടെ=144 ദിനങ്ങൾ<br><br>21-3-18 മുതൽ 11-08-18 വരെ- പിഴയില്ല 12-8-18 മുതൽ 9-11-18 വരെ- 1% (148636*1%)=1486 |

| | | | |
|---|---|---|---|
| | എഗ്രിമെന്റ് നം./ :64/ /ae/lsgd/chva/17-18തീയതി/21-03-18<br><br>പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി : 4 മാസം<br><br>പ്രവൃത്തി ആരംഭിച്ച തീയതി : 21-03-18<br><br>പൂർത്തീകരിച്ച തീയതി: 11-02-19<br><br>കരാറുകാരൻ : പി.മുഹമ്മദ് മുസ്തഫ<br><br>എം.ബുക്ക്.നം.1429/18-19,<br><br>1592/18-19<br><br>1) ബിൽ നം.23 /18-19തീയതി :23-08-18 തുക118504<br><br>2) ബിൽ നം. 86 /18-19തീയതി :19-03-19 തുക 30132<br><br>തുക 148636 | | 10-11-18 മുതൽ 7-2-19 വരെ-2% (148636*2%)=2973<br><br>8-2-19 മുതൽ 10-2-19 വരെ-2% (148636*2%)*3/90<br><br>=99<br><br>ആകെ=4558 |
| 14 | 144/19(113/18) ആലാച്ചി കോളനി റോഡ് പാർശ്വഭിത്തി നിർമ്മാണം<br><br>അടങ്കൽ : 200000 (mg road)<br><br>ചെലവ് : 199187<br><br>എഗ്രിമെന്റ് നം./ :39/ /ae/lsgd/chva/17-18തീയതി/05-01-18<br><br>പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി : 6 മാസം<br><br>പ്രവൃത്തി ആരംഭിച്ച തീയതി : 05-01-18<br><br>പൂർത്തീകരിച്ച തീയതി: 28-02-19<br><br>കരാറുകാരൻ : എൻ.കുഞ്ഞിമുഹമ്മദ്<br><br>എം.ബുക്ക്.നം.1853/18-19,<br><br>ബിൽ നം.89 /18-19തീയതി :19-03-19 തുക199187<br><br>തുക 199187 | 199187 | പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം-ഗ്രേസ് പിരിയഡ് ഉൾപ്പെടെ=216ദിനങ്ങൾ<br><br>5-1-18 മുതൽ 8-08-18 വരെ-പിഴയില്ല<br><br>9-8-18 മുതൽ 6-11-18 വരെ-1% (199187*1%)=1992<br><br>7-11-18 മുതൽ 4-2-19 വരെ-2% (199187*2%)=3984<br><br>5-2-19 മുതൽ 27-2-19 വരെ-2% (199187*2%)*23/90<br><br>=1018<br><br>ആകെ=6994 |
| 15 | 186/19(230/18) മലാച്ചിപട്ടത്തിക്കുന്ന് റോഡ് മെറ്റലിംങ്,ടാറിംങ്, റീടാറിംങ് | 398137 | പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം-ഗ്രേസ് പിരിയഡ് ഉൾപ്പെടെ=180ദിനങ്ങൾ |

| | | | |
|---|---|---|---|
| | അടങ്കൽ : 400000 (ctc 200000+own fund 200000)<br>ചെലവ് : 398137<br>എഗ്രിമെന്റ് നം./ :44/1 /ae/lsgd/chva/17-18തീയതി/05-01-18<br>പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി : 5 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 05-01-18<br>പൂർത്തീകരിച്ച തീയതി: 20-02-19<br>കരാറുകാരൻ : കെ.സെയ്തലവി<br>എം.ബുക്ക്.നം.1549/18-19,1562/18-19<br>ബിൽ നം.90 /18-19തീയതി :19-03-19 തുക198137<br>ട്രഷറി ചെക്ക് നം.5021249 തിയതി14.03.19-തുക 200000<br>തുക 398137 | | 5-1-18 മുതൽ 3-06-18 വരെ-പിഴയില്ല<br>4-6-18 മുതൽ 1-9-18 വരെ-1% (398137*1%)=3981<br>2-9-18 മുതൽ 30-11-18 വരെ-2% (398137*2%)=7963<br>1-12-18 മുതൽ 19-2-19 വരെ-2% (398137*2%)*81/90<br>=7166<br>ആകെ=19110 |
| 16 | 164/19(161/18) കൈതേരിക്കുന്ന് റോഡ് ഡ്രൈനേജ്<br>അടങ്കൽ : 200000 (mg road)<br>ചെലവ് : 199911<br>എഗ്രിമെന്റ് നം./ :42/ /ae/lsgd/chva/17-18തീയതി/05-01-18<br>പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി : 6 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 05-01-18<br>പൂർത്തീകരിച്ച തീയതി:<br>15-10-18<br>കരാറുകാരൻ : അബൂതാഹിർ.ഒ<br>എം.ബുക്ക്.നം.1537/18-19<br>ബിൽ നം.36 /18-19തീയതി :12-11-18 തുക199911<br>തുക 199911 | 194392 | പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം-ഗ്രേസ് പിരിയഡ് ഉൾപ്പെടെ=216ദിനങ്ങൾ<br>5-1-18 മുതൽ 8-08-18 വരെ-പിഴയില്ല<br>9-8-18 മുതൽ 14-10-18 വരെ-1% (194392*1%)*67/90<br>=1447<br>ആകെ=1447 |
| 17 | 158/19(147/18) കല്ലംകടമ്പായ വയറേങ്കിൽ പറമ്പ് റോഡ് | 199734 | പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം-ഗ്രേസ് |

| | | | |
|---|---|---|---|
| | ഡ്രൈനേജ്<br>അടങ്കൽ : 200000 (mg road)<br>ചെലവ് : 199065<br>എഗ്രിമെന്റ് നം./ :41/ /ae/lsgd/chva/17-18തീയതി/05-01-18<br>പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി : 5 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 05-01-18<br>പൂർത്തീകരിച്ച തീയതി: 17-10-18<br>കരാറുകാരൻ : അബുതാഹിർ.ഒ<br>എം.ബുക്ക്.നം.1534/18-19<br>ബിൽ നം.35 /18-19തീയതി :12-11-18 തുക199065<br>തുക 199065 | | പിരിയഡ് ഉൾപ്പെടെ=180ദിനങ്ങൾ<br>5-1-18 മുതൽ 3-06-18 വരെ- പിഴയില്ല<br>4-6-18 മുതൽ 1-9-18 വരെ- 1% (199734*1%)=1997<br>2-9-18 മുതൽ 16-10-18 വരെ- 2% (199734*2%)*45/90<br>=1997<br>ആകെ=3994 |
| 18 | 182/19(220/18) മാമ്പറ്റ കോളനി റോഡ് മെറ്റലിംങ് & ടാറിംങ്<br>അടങ്കൽ : 354750(plan scp))<br>ചെലവ് : 345637<br>എഗ്രിമെന്റ് നം./ :43/ /ae/lsgd/chva/17-18തീയതി/05-01-18<br>പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി : 3 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 05-01-18<br>പൂർത്തീകരിച്ച തീയതി: 23-02-19<br>കരാറുകാരൻ : കെ.സെയ്തലവി<br>എം.ബുക്ക്.നം.1546/18-19<br>ബിൽ നം.94 /18-19തീയതി :19-03-19 തുക345637<br>തുക 345637 | 345637 | പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം-ഗ്രേസ് പിരിയഡ് ഉൾപ്പെടെ=108 ദിനങ്ങൾ<br>5-1-18 മുതൽ 22-04-18 വരെ- പിഴയില്ല 23-4-18 മുതൽ 21-7-18 വരെ- 1% (345637*1%)=3456<br>22-7-18 മുതൽ 19-10-18 വരെ- 2% (345637*2%)=6913<br>20-10-18 മുതൽ 17-1-19 വരെ- 2% (345637*2%)=6913<br>18-1-19 മുതൽ 22-2-19 വരെ- 2% (345637*2%)*36/90<br>=2765<br>ആകെ=20047 |
| 19 | 215/19(174/18) ഒടുവങ്ങാട് കോളനി കനാൽപ്പാലം നിർമ്മാണം<br>അടങ്കൽ : 260000 (cfc-188500 + own fund-71500) | 346354 | പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം-ഗ്രേസ് പിരിയഡ് ഉൾപ്പെടെ=144 ദിനങ്ങൾ<br>22-12-17 മുതൽ 14-05-18 വരെ- പിഴയില്ല 15-5-18 |

| | | | | |
|---|---|---|---|---|
| | ചെലവ് : 255622<br><br>എഗ്രിമെന്റ് നം./ :21/ /ae/lsgd/chva/17-18തീയതി/22-12-17<br><br>പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി : 4 മാസം<br><br>പ്രവൃത്തി ആരംഭിച്ച തീയതി : 22-12-17<br><br>പൂർത്തീകരിച്ച തീയതി: 04-01-19<br><br>കരാറുകാരൻ : കെ.പി.അർമിയ സജീർ<br><br>എം.ബുക്ക്.നം. 1513/18-19<br><br>ബിൽ നം.72/18-19തീയതി :11-03-19 തുക 184122<br><br>ചെക്ക് നം.5021251 തിയതി 14-03-19 തുക 71500<br><br>തുക 255622 | | മുതൽ 12-08-18 വരെ- 1% (346354*1%)=3464<br><br>13-08-18 മുതൽ 10-11-18 വരെ- 2% (346354*2%=6927<br><br>11-11-18 മുതൽ 3-1-19 വരെ- 2% (346354*2%)*54/90<br><br>=4156<br><br>ആകെ=14547 | |
| 20 | 185/19(229/18) വളവത്ത് പടി റോഡ് സൈഡ് വാൾ & കോൺക്രീറ്റ്<br><br>അടങ്കൽ : 355000 (finance commission grant-150000 + own fund -200000)<br><br>ചെലവ് : 349717<br><br>(cfc 150000+199717 own fund)<br><br>എഗ്രിമെന്റ് നം./ :37/ /ae/lsgd/chva/17-18തീയതി/05-01-18<br><br>പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി : 3 മാസം<br><br>പ്രവൃത്തി ആരംഭിച്ച തീയതി : 05-01-18<br><br>പൂർത്തീകരിച്ച തീയതി: 09-11-18<br><br>കരാറുകാരൻ : എൻ.കുഞ്ഞി മുഹമ്മദ്<br><br>എം.ബുക്ക്.നം. 1539/18-19<br><br>ബിൽ നം.50 /18-19തീയതി :14-01-19 (150000)<br><br>ചെക്ക് നം.5021235 തിയതി 18-01-19 (199717) | 349826 | പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം-ഗ്രേസ് പിരിയഡ് ഉൾപ്പെടെ=108 ദിനങ്ങൾ<br><br>5-1-18 മുതൽ 22-04-18 വരെ- പിഴയില്ല 23-4-18 മുതൽ 21-7-18 വരെ- 1% (349826*1%)=3498<br><br>22-7-18 മുതൽ 19-10-18 വരെ- 2% (349826*2%)=6997<br><br>20-10-18 മുതൽ 8-11-18 വരെ- 2% (349826*2%)*20/90<br><br>=1555<br><br>ആകെ=12050 | |

| | | | |
|---|---|---|---|
| | തുക 349717 | | |
| 21 | 182/19, 220/18 മാമ്പറ്റ കോളനി റോഡ് മെറ്റലിംങ്& ടാറിംങ്<br>അടങ്കൽ :354750 (plan scp)<br>ചെലവ് : 345637<br>എഗ്രിമെന്റ് നം./ :43/ /ae/lsgd/chva/17-18തീയതി/05-01-18<br>പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി : 3 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 05-01-18<br>പൂർത്തീകരിച്ച തീയതി:<br>23-2-19<br>കരാറുകാരൻ : കെ.സെയ്തലവി<br>എം.ബുക്ക്.നം. 1546/18-19<br>ബിൽ നം.94/18-19തീയതി :19-03-19<br>തുക 345637 | 345637 | പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം-ഗ്രേസ് പിരിയഡ് ഉൾപ്പെടെ=108 ദിനങ്ങൾ<br>5-1-18 മുതൽ 22-04-18 വരെ- പിഴയില്ല 23-4-18 മുതൽ 21-7-18 വരെ- 1% (345637*1%)=3456<br>22-7-18 മുതൽ 19-10-18 വരെ- 2% (345637*2%)=6913<br>20-10-18 മുതൽ 17-1-19 വരെ- 2% (345637*2%)=6913<br>18-1-19മുതൽ 22-2-19 വരെ- 2% (345637*2%)*36/90<br>=2765<br>ആകെ=20047 |

മാന്വൽ അനുശാസിക്കുന്ന വിധത്തിൽ പിഴ ചുമത്താതിരുന്നത് മൂലം ഗ്രാമ പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/30-09-19) മറുപടി ലഭ്യമാക്കിയിട്ടില്ല. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 18ൽ "മരാമത്ത് പ്രവൃത്തികളിൽ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങളിൽ മരാമത്ത് വകുപ്പിലെ നടപടിക്രമങ്ങൾ പാലിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കരാർ ദീർഘിപ്പിച്ച നൽകുന്നതിന് പിഴ ചുമത്തുന്ന രീതി പഴയ പൊതുമരാമത്ത് മാന്വലിൽ പറഞ്ഞിരിക്കുന്നതിന് പകരമായി പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ അനുശാസിക്കുന്ന തരത്തിലായിരുന്ന കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്യേണ്ടിയിരുന്നത്. പൊതുമരാമത്ത് മാന്വൽ പുതുക്കിയതിന്റെ അടിസ്ഥാനത്തിൽ കരാർ വ്യസ്ഥകളിൽ മാറ്റം വരുത്താതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. പൊതുമരാമത്ത് - പശ്ചാത്തല വികസനത്തിന്റെ ചുമതലയിൽ വരുന്ന വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിന്മേൽ ചർച്ച നടത്തി വേണ്ട നിർദ്ദേശങ്ങൾ ജനറൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളാതിരുന്നതും മേൽ വീഴ്ചക്ക് കാരണമായി. ഭാവിയിൽ പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിൽ കരാർ ദീർഘിപ്പിച്ച് പിഴ ചുമത്തുന്നതിന് അസി. എഞ്ചിനിയർ ശ്രദ്ധിക്കേണ്ടതാണ്. മേൽ പ്രകാരം കണക്കാക്കിയിട്ടുള്ള പിഴ കരാറുകാരിൽ നിന്നും ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-12 വയോജനങ്ങൾക്ക് ഉപകരണങ്ങളും മരുന്നും നൽകൽ - ക്രമപ്രകാരമല്ല

പ്രൊജക്ട് :വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് നടത്തി ഉപകരണങ്ങളും മരുന്നും നൽകൽ

പ്രൊജക്ട് നമ്പർ :0029/19

അടങ്കൽ : 200000

ചെലവ്-:200000(ബിൽ നം 9തീയതി 28-01-2019)

നിർവഹണം:മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

ഈ പ്രൊജക്ടിന്റെ നിരവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1)സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ലെ മാർഗ്ഗരേഖ ഖണ്ഡിക 7.1.1 ലെ നിർദ്ദേശപ്രകാരം ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്ന കുറഞ്ഞത് 40% വൈകല്യം ബാധിച്ചവർക്കു മാത്രമേ ഉപകരണങ്ങൾ സബ്സിഡിയായി നൽകുവാൻ കഴിയൂ. ഈ പ്രൊജക്ട് പ്രകാരം ഉപകരണങ്ങൾ നൽകിയ ഗുണഭോക്താക്കൾക്ക് കുറഞ്ഞത് 40% വൈകല്യം ഉണ്ടെന്ന് ഉറപ്പുവരുത്തുവാൻ ആവശ്യമായ മെഡിക്കൽ ബോർഡ് അനുവദിച്ച മെഡിക്കൽ സർട്ടിഫിക്കറ്റുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ലെ മാർഗ്ഗരേഖ ഖണ്ഡിക 7.1.1 പ്രകാരം സർക്കാർ / അർദ്ധസർക്കാർ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന ഉപകരണങ്ങൾ ടെണ്ടർ കൂടാതെ വാങ്ങുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കെൽട്രോൺ ലൈറ്റ്നിങ്ങ് ഡിവിഷൻ , കടലൂർ പി ഒ, മൂടാടി, കോഴിക്കോട് നിർമ്മിക്കുന്ന ശ്രുവൺ, സി-ഡാക്ക്, വെള്ളയമ്പലം, തിരുവനന്തപുരം നിർമ്മിക്കുന്ന തരംഗ് എന്നി കേൾവി സഹായികൾ ലഭ്യമായിരിക്കെ , സ്വകാര്യ നിർമ്മാതാക്കളായ ഫോനക് ബാസിയോയുടെ 10 കേൾവി സഹായികൾ ( മോഡൽ – ക്യൂ 10- എസ്.പി &ക്യൂ 5- എസ്.പി) സ്റ്റോർ പർച്ചേസ് മാന്വൽ, പ്രൊക്വർമെന്റ് മാന്വൽ എന്നിവയിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ ഐക്കോൺസിൽ നിന്നും 99500 രൂപക്ക് നേരിട്ട് വാങ്ങിയത് ക്രമ പ്രകാരമല്ല..

3)സ്റ്റോർ പർച്ചേസ് മാന്വൽ, പ്രൊക്വർമെന്റ് മാന്വൽ എന്നിവയിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി ടെണ്ടർ/ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധികരിക്കാതെ, ചെർപ്പുള്ളശ്ശേരി മെ.ദിയ ഒപ്റ്റിക്കൽ ഗാലറിയിൽ നിന്നും 69 കണ്ണടകൾ വാങ്ങിയതും, സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗ്ഗരേഖ ഖണ്ഡിക 7.1.1 (ഡി) പ്രകാരം കണ്ണടകൾ സൗജന്യമായി നൽകുവാൻ അനുവദിച്ചിട്ടില്ലാത്തതിനാൽ അവ നൽകിയതും സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

4)ഗുഡ്സ് & സർവ്വീസ് ആക്ട് 2017 പ്രകാരം കണ്ണടകൾക്ക് 15/11/2017 മുതൽ 12% ജി.എസ്.ടി ബാധകമാണ്. എന്നാൽ ചെർപ്പുള്ളശ്ശേരി മെ.ദിയ ഒപ്റ്റിക്കൽ ഗാലറിയുടെ ബില്ലിൽ ജി.എസ്.ടി ടിൻ രേഖപ്പെടുത്തുകയോ, 12% ജി.എസ്.ടി ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

5)സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ലെ മാർഗ്ഗരേഖ ഖണ്ഡിക 7.5.3(1) പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാൻ അനുമതിയുള്ളൂ.ഈ നിർദ്ദേശത്തിനു വിരുദ്ധമായി മരുന്നുകളും വാൽക്കർ, ക്നീ സപ്പോർട്ട് മുതലായവ സപ്ലൈക്കോവിൽ നിന്നും വാങ്ങിയത് മാർഗരേഖയിലെ വ്യവസ്ഥകൾക്ക് എതിരാണ്.

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ, സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/

ത.സ്വ.ഭ.വ തീയതി 14-2-2018 പ്രകാരമുള്ള മാർഗരേഖയിലെ വ്യവസ്ഥകൾക്കും,നിർദ്ദേശങ്ങൾക്കും വിരുദ്ധമായി പ്രൊജക്ടിന്റെ നിർവ്വഹണം നടത്തിയതിനാൽ 2 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

# 1-13 ടെണ്ടർ ഫോറം വില വരവ് പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

2018-19 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇ-ടെണ്ടർ മുഖേന തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) അസി. എൻജിനീയറുടെ പേരിൽ SBI യുടെ ഒറ്റപ്പാലം ബ്രാഞ്ചിലുള്ള 37305526036 നം അക്കൗണ്ടിൽ വരവു വന്നിട്ടുള്ള തുകകൾ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | Lതുക | ടെണ്ടർ ഫീസ് | ബിഡ്ഡർമാർ | GST | ആകെ ടെണ്ടർ ഫീ | ആകെ GST | |
|---|---|---|---|---|---|---|---|
| 116/18-19 അങ്കണവാടി മെയിന്റെനൻസ് | 800000 | @1600 | 2 | 384 | 3200 | 384 | 20000 |
| 210/18-19- ചളവറ മുണ്ടക്കോട്ടുകുറിശ്ശി റോഡ് സൈഡ് വാൾ പ്രൊട്ടക്ഷൻ | 990000 | @1980 | 6 | 260 | 11850 | 1560 | 24800 |
| ആകെ | | | | | 15080 | 1944 | 44800 |

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക പഞ്ചായത്ത് അസി. എഞ്ചിനീയറുടെ അക്കൌണ്ടിൽ നിലകൊള്ളുന്നത് ക്രമപ്രകാരമല്ല. ആയത് പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

# 1-14 സ്പിൽഓവർ പ്രൊജക്റ്റുകൾ പൂർത്തീകരിക്കാതെ തുടരുന്നു-

പഞ്ചായത്ത് ഭരണാനുമതി ലഭിച്ചതും 2017-18 വർഷത്തിൽ അസി. എഞ്ചിനിയറെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി വിഭാവനം ചെയ്തശേഷം സ്പിൽ ഓവറായതുമായ താഴെ പറയുന്ന പ്രൊജക്ടുകൾ 2018-19 സാമ്പത്തികവർഷത്തിലും പൂർത്തിയാക്കാതെയും ഉപേക്ഷിക്കപ്പെട്ടതായും കാണുന്നു.

| ക്രമ നം | പ്രൊജക്ട് നം,പദ്ധതിയുടെ പേര് | അടങ്കൽ | ഫണ്ട് | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | (പ്രൊ.നം.181/19)കറുത്തൊടിപ്പടി | 70000- | ധനകാര്യ | - |

| | | | | |
|---|---|---|---|---|
| | കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | | കമ്മീഷൻ ഗ്രാന്റ് | |
| 2 | (പ്രൊ.നം.183/19)പ്ലാസ്റ്റിക് ഷ്രെഡിംങ് യീണിറ്റിന് കെട്ടിട നിർമ്മാണം | 300000 | ടി | ഉപേക്ഷിച്ചു |
| 3 | (പ്രൊ.നം.192/19) മേതൃക്കോവിൽ അമ്പലം റോഡ് പാർശ്വഭിത്തി നിർമ്മാണം | 410000 | മെയിന്റെനൻസ് ഗ്രാന്റ് (റോഡ്) | ഉപേക്ഷിച്ചു |

2017-18 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത മേൽപറഞ്ഞ പദ്ധതികൾ 2018-19 സാമ്പത്തിക വർഷത്തിലും പൂർത്തീകരിക്കാതെ തുടരുന്നത് ആശാസ്യമല്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വീഴ്ച വരാതെ ശ്രദ്ധിക്കേണ്ടതാണ്.

# 1-15 വസ്തുനികുതി-കെട്ടിടത്തിന്റെ തരം തെറ്റായി നിർണ്ണയിച്ചത് മൂലം വരുമാന നഷ്ടം

വസ്തുനികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങളും ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷ ഡി & ഒ രജിസ്റ്ററിൽ രേഖപ്പെടുത്തിയ വ്യാപാര സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങളും തമ്മിൽ ഒത്ത് നോക്കി പരിശോധിച്ചപ്പോൾ വ്യാപാര, വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പല കെട്ടിടങ്ങളുടെയും തരം/ഉപയോഗക്രമം തെറ്റായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കണ്ടെത്തി.ഇത്തരത്തിൽ തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചത് മൂലം ഗ്രാമപഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽവരുമാന നഷ്ടം സംഭവിക്കുന്നുണ്ട്.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഡി&ഒ ലൈസൻസ് എടുത്ത ആവശ്യം | സഞ്ചയയിൽ രേഖപ്പെടുത്തിയ കെട്ടിടത്തിന്റെ തരം | നിലവിലെ വസ്തു നികുതി നിരക്ക്/ ചതുരശ്ര മീറ്റർ | ഈടാക്കേണ്ട നിരക്ക് |
|---|---|---|---|---|---|
| 1 | 3/326 | റൈസ് മിൽ | കൈത്തറി ഷെഡ്,കയർപിരിഷെഡ് തുടങ്ങിയവ | 15 | 55 |
| 2 | 13/206 | എഞ്ചിനീയർ വർക്ക്സ് | പാർപ്പിടാവശ്യം | 5 | 55 |
| 3 | 6/387 | സിമന്റ് വിൽപ്പന | പാർപ്പിടാവശ്യം | 5 | 55 |

| | | | | | |
|---|---|---|---|---|---|
| 4 | 1/276 | വെൽഡിംഗ് വർക്ക്സ് | പാർപ്പിടാവശ്യം | 5 | 55 |
| 5 | 1/170 B | ഫർണിച്ചർ യൂണിറ്റ് | കൈത്തറി ഷെഡ്, കയർപിരിഷെഡ് | 15 | 45 |

വിഷയം സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നം.(10/26.9.2019) വസ്തുനികുതി പരിഷ്ക്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തിയപ്പോൾ സംഭവിച്ച പിഴവ് മൂലമാണ് വ്യാപാര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യം എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഈടാക്കാനിടയായത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്.മേൽ കെട്ടിടങ്ങളിൽ തുടർ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് ഇത്തരത്തിൽ നികുതി നിർണ്ണയിച്ചതിലുള്ള അപാകതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-16 രസീതി പിരിവിലെ അപാകതകൾ സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ നിന്നും ഇഷ്യു ചെയ്ത് നൽകിയ രസീതി ബുക്കുകൾ വഴി പണം പിരിച്ച് പഞ്ചായത്ത് ഫണ്ടിൽ അടവാക്കുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കപ്പെട്ടിട്ടില്ല. അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഇഷ്യു ചെയ്ത് നൽകിയ രസീത് ബുക്ക് നമ്പർ 11889 ലെ ക്രമ നമ്പർ 1 മുതൽ 8 വരെയുള്ള രസീതികൾ ഉപയോഗിച്ച് പിരിച്ചെടുത്ത തുകകൾ 13.2.2019,28.2.2019 തിയതികളിൽ ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട് (ആകെ 4256+3024=7280 രൂപ). എന്നാൽ മേൽ രസീതികളിൽ തുക പിരിച്ചെടുത്ത തിയതി രേഖപ്പെടുത്തിയിട്ടില്ല. സാമ്പത്തിക വർഷാവസാനത്തിൽ ഉപയോഗിക്കാതെ അവശേഷിക്കുന്നത് ക്യാൻസൽ രേഖപ്പെടുത്താതെ സൂക്ഷിച്ചിരിക്കുകയും ചെയ്തിരിക്കുന്നു.
2. ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർക്ക് ഇഷ്യു ചെയ്ത് നൽകിയ രസീത് ബുക്ക് നമ്പർ 11877 ലെ ക്രമ നമ്പർ 87 മുതലുള്ള രസീതികൾ സാമ്പത്തിക വർഷാവസാനത്തിൽ ഉപയോഗിക്കാതെ അവശേഷിക്കുന്നത് ക്യാൻസൽ രേഖപ്പെടുത്താതെ സൂക്ഷിച്ചിരിക്കുന്നു

പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നം.(6/26.9.2019) രസീത് ബുക്ക് നമ്പർ 11889 ലെ ക്രമ നമ്പർ 1 മുതൽ 8 വരെയുള്ള രസീതികളിൽ തിയതി രേഖപ്പെടുത്താൻ വിട്ട് പോയതാണ് എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുള്ളത്.രസീത് ബുക്ക് നമ്പർ 11877 ലെ ക്രമ നമ്പർ 87 മുതലുള്ള രസീതികൾ ക്യാൻസൽ രേഖപ്പെടുത്താതെ സൂക്ഷിച്ചിരിക്കുന്നത് അറിയാതെ

സംഭവിച്ച തെറ്റാണ് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. രസീതി ബുക്കുകൾ കൈകാര്യം ചെയ്യുമ്പോൾ കേരള ഫിനാൻഷ്യൽ കോഡ്, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ബാധകമായ നിയമങ്ങൾ പാലിക്കേണ്ടതാണ്.

# 1-17 ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല

ഗുഡ്സ് & സർവ്വീസ് ആക്റ്റ് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28 -ാം മത് ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന ജി.എസ്.ടിയിന്മേൽ 2 ശതമാനം ടി.ഡി.എസ് ഈടാക്കേണ്ടതാണ്. എന്നാൽ എെ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം പ്രൊജക്ടുകൾ പ്രകാരം ചുവടെ ചേർക്കുന്ന വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല.

| ക്രമ നമ്പർ | ബിൽ നമ്പർ & തീയതി | തുക | സപ്ലൈ നടത്തിയ സ്ഥാപനം | ഇൻ വോ യിസ് നമ്പർ | തീയതി | തുക |
|---|---|---|---|---|---|---|
| 1 | 5/18-19 തീയതി 23.10.18 പ്രൊജക്ട് നം 10/19 | 286861 | കിഡ്സ് ലവർ അമൃതം ഫുഡ്സ് (കുടുംബശ്രീ യൂണിറ്റ്- GSTIN :32AANF K0706E1ZT ) ചെമ്പുള്ളി റോഡ്, വായനശാല, പനമണ്ണ,ഒറ്റപ്പാലം-679104 | 330 | 30.8.18 | 62673.75 |
| 2 | | | | 328 | 30.8.18 | 58500.00 |
| 3 | | | | 355 | 28.9.18 | 61875.00 |
| 4 | 6/18-19 തീയതി 28.11.18 പ്രൊജക്ട് നം 11/19 (SCP) | 203648 | -do- | 329 | 30.818 | 24897.60 |
| 5 | | | | 356 | 28.9.18 | 25272.00 |
| 6 | | | | 375 | 26.10.18 | 61875.00 |
| 7 | | | | 376 | 26.10.18 | 30326.00 |
| 8 | | | | 377 | 26.10.18 | 62673.00 |
| 9 | 8/18-19 തീയതി 10.12.18 പ്രൊജക്ട് നം 11/19 (SCP) | 154707 | -do- | 399 | 27.11.18 | 61875.00 |
| 10 | | | | 401 | 27.11.18 | 62673.75 |
| 11 | | | | 400 | 27.11.18 | 30326.40 |
| 12 | 10/18-19 തീയതി 19.2.19 പ്രൊജക്ട് നം 11/19 (SCP) | 240400.00 | -do- | 424 | 28.12.18 | 25212.00 |
| 13 | | | | 425 | 28.12.18 | 62673.00 |
| 14 | | | | 447 | 30.1.19 | 61875.00 |
| 15 | | | | 448 | 30.1.19 | 61512.25 |
| 16 | | | | 449 | 30.1.19 | 30326.40 |
| 17 | ചെക്ക് നം .830175/14.3.2019 പ്രൊജക്ട് നം 110/19 | 222451 | -do- | 423 | 28.12.18 | 70875.00 |
| 18 | | | | 467 | 27.2.19 | 61875.00 |
| 19 | | | | 469 | 27.2.19 | 31336.75 |
| 20 | ചെക്ക് നം 830176/27.3.2019 | 219038 | -do- | 489 | 19.3.19 | 61875.00 |
| 21 | | | | 490 | 19.3.19 | 30326.40 |

| | | | | | | |
|---|---|---|---|---|---|---|
| 22 | പ്രൊജക്ട് നം 110/19 | | | 491 | 19.3.19 | 31336.75 |
| ആകെ | | | | | | 746771.30 |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.3.19 ലെ നം ഡി.എ1/87/2019 ത.സ്വ.ഭ .വ സർക്കുലർ പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുന്നതിന് എെ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ, ജി.എസ്.ടി തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. സപ്ലൈയർ ജി.എസ്.ടി അടവാക്കിയത് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-18 ക്രമവത്ക്കരണം നടത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 137 പ്രകാരം ഗ്രാമപഞ്ചായത്തിൽ കെട്ടിടങ്ങൾ ക്രമവത്ക്കരണം നടത്തിയ ഇനത്തിൽ ക്രമവത്ക്കണ ഫീസ് ആയി 2018-19 സാമ്പത്തിക വർഷത്തിൽ ആകെ 113441 രൂപ വരവ് വന്നിട്ടുണ്ട്.ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് എടുക്കാതെ കെട്ടിടനിർമ്മാണം ആരംഭിച്ച /പൂർത്തിയാക്കിയ ഇത്തരം കെട്ടിടങ്ങളുടെ /അപേക്ഷകളുടെ വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ (അപ്പൻഡിക്സ് J) സൂക്ഷിച്ചിട്ടില്ല. കെട്ടിട നിർമ്മാണ രജിസ്റ്ററിൽ ഇത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 2019-20 വർഷത്തിൽ സൂക്ഷിച്ച് വരുന്നുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്.

# 1-19 ഹോമിയോ മരുന്നുകൾ ലഭിച്ചിട്ടില്ല

പ്രോജക്ട് – ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം.- 22/2019

അടങ്കൽ- ₹ 3,50,000/-

ബിൽ നം. 1/2018-19 തീയതി 23-10-2018

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (ഹോമിയോ)

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകൾ വാങ്ങുന്നതിനായി 3,50,000 രൂപ ഹോംകോ,ആലപ്പുഴയ്ക്ക് (അക്കൗണ്ട് നം.34306403911 IFSC code . SBIN0012873) നെഫ്റ്റ് മുഖേന 23-10-2018 ന് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെയും മരുന്നുകൾ ലഭ്യമായിട്ടില്ല. യഥാ സമയം മരുന്നുകൾ ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അടിയന്തിരമായി ലഭ്യമാക്കുവാൻ

ആവശ്യപ്പെട്ടുകൊണ്ട് ഹോംകോക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഭാവിയിൽ ഹോംകോയുമായുള്ള വാങ്ങലുകളിൽ മതിയായ വ്യവസ്ഥകളും നിബന്ധനകളും ഉൾപ്പെടുത്തി, കേരള സ്റ്റാമ്പ് ആക്റ്റ് പ്രകാരം നിശ്ചിത മൂല്യമുള്ള മുദ്ര പത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതാണ്.

# 1-20 നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

പ്രോജക്റ്റ് : 12/19 -ആയുർവേദാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ -10 ലക്ഷം രൂപ (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം)ചെലവ്- 10 ലക്ഷം രൂപ
(ബിൽ നം - (1)1/18-19 തീയതി 23-8-18/രൂ.800000.00

(2) 2/18-19തീയതി 23-11-18 രൂ.168703.00

(3) 3/18-19തീയതി19-3-19 രൂ.31297.00)

മേൽ പ്രൊജക്റ്റ് പ്രകാരം പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്നും 10 ലക്ഷം രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 -മാർഗ്ഗരേഖ ഖണ്ഡിക 7.5.4 ലെ നിർദ്ദേശപ്രകാരമുള്ള ജില്ലാ മെഡിക്കൽ ഓഫീസറുടെ (ഐ.എസ്.എം) നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് മരുന്നുകൾ വാങ്ങിയിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ഭാവിയിൽ ആയുർവേദാശുപത്രിയിലേക്കുള്ള മരുന്ന് വാങ്ങലുകളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ (ഐ.എസ്.എം) നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ഉറപ്പുവരുത്തേണ്ടതാണ്.

# 1-21 ആയുർവേദാശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം

ചളവറ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ചളവറ ആയുർവേദാശുപത്രിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട്, സർക്കാർ ഉത്തരവ് (ആർ.റ്റി) 1615/17 / ത.സ്വ.ഭ.വ തീയ്യതി. 17.5.17 പ്രകാരം പ്രാബല്യത്തിൽ വന്ന " Administration Manual for Transferred Functions: Ayurveda Dispensaries/Hospitals" ലെ വ്യവസ്ഥകൾ അനുസരിച്ച്,താഴെ പറയുന്ന വസ്തുതകളിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1. ഇൻപേഷ്യന്റ് വിഭാഗത്തിൽ ആവശ്യമായ ജീവനക്കാരെയും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.
2. മരുന്നുകൾ സൂക്ഷിക്കുന്നതിന് സുരക്ഷിതവും ആവശ്യമായ സൗകര്യങ്ങളോടുകൂടിയതുമായ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
3. " Administration Manual for TransferredFunctions: Ayurveda Dispensaries/Hospitals" ഖണ്ഡിക 3.4.(1,2,3,4,5,6) നിർദേശിച്ചിരിക്കുന്ന ബോർഡുകളും 3.4.(7) പ്രകാരമുള്ള Suggestion/ complaint Boxഉം സ്ഥാപിക്കേണ്ടതാണ്.

4. ഖണ്ഡിക 3.4- ലെ നിർദ്ദേശാനുസരണം ആശുപത്രി വനിതാ-ശിശു- വയോജന- ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗരേഖകൾ ഹാജരാക്കണം

പ്രൊജക്ട്-പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി

പ്രൊജക്ട് നമ്പർ -0009/19

അടങ്കൽ : ഗ്രാമപഞ്ചായത്ത് വിഹിതം 3,12,500/- +

സംസ്ഥാനാവിഷ്കൃതം 3,12,500/- +

ഗുണഭോക്തൃ വിഹിതം 6,25,000/-

ചെലവ്- 262500 /- (ബിൽ നം 7 തീയതി 19-12-18)

നിർവഹണം-വെറ്ററിനറി സർജൻ

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 42 ഗുണഭോക്താക്കളുടെ വിഹിതമായ 262500/- രൂപ എസ്.എൽ.ബി.പി അസിസ്റ്റന്റ് ഡയറക്ടർ,പാലക്കാടിന് നെഫ്റ്റ് മുഖേന നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയതിനുള്ള രശീതി ഫയലിൽ സൂക്ഷിച്ചിട്ടില്ല. കന്നുകുട്ടി പരിപാലനപദ്ധതി സംബന്ധിച്ച മാർഗരേഖ ജി.ഒ(എം.എസ്) 11/2001/ മൃഗസംരക്ഷണം തീയ്യതി 20-1-01 പ്രകാരം സബ്സിഡിയായി തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന തുകയുടെ വിനിയോഗ സാക്ഷ്യപത്രം, ഭൗതികനേട്ട റിപ്പോർട്ട് എന്നിവ പദ്ധതിയുടെ ജില്ലാ കോർഡിനേറ്റർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം, ഭൗതികനേട്ട റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതാണ്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്

# 1-23 വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കണം

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല.

| പ്രൊജക്ട് നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| 6/19 | SSA വിഹിതം<br>SSA പാലക്കാട് | 600000 | 600000 | 02/19<br>23.5.18 |

മേൽ പറഞ്ഞ വിധം നിർവഹണ ഏജൻസികൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-24 ക്ഷീരകർഷകർക്ക് അർഹമായ സബ്സിഡി നൽകിയില്ല

പ്രോജക്റ്റ് : 5/19 -ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

നിർവഹണോദ്യോഗസ്ഥ- ഡയറി ഫാം ഇൻസ്ട്രക്റ്റർ

അടങ്കൽ -3 ലക്ഷം രൂപ (വികസന ഫണ്ട്)

ചെലവ്- 3 ലക്ഷം രൂപ

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലുള്ള ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് 1 ലിറ്റർ പാലിന് 3 രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിന് ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്റ്റ് പ്രകാരം, ചളവറ ക്ഷീരോല്പാദന സഹകരണ സംഘം, കയിലിയാട് ക്ഷീരോല്പാദന സഹകരണ സംഘം, പാലക്കോട് ക്ഷീരോല്പാദന സഹകരണ സംഘം, എന്നിവിടങ്ങളിലെ ക്ഷീര കർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ക്ഷീരസംഘത്തിന്റെ പേര് | സബ്സിഡി ലഭിച്ച കർഷകരുടെ എണ്ണം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 4/18 | 5/18 | 6/18 | 7/18 | 8/18 | 9/18 | 10/18 | 11/18 | 12/18 | 1/19 | 2/19 | 3/19 |
| 1 | ചളവറ ക്ഷീരോല്പാദന സഹകരണ സംഘം | 51 | 57 | 57 | 53 | 48 | 57 | 55 | 60 | 0 | 0 | 0 | 0 |
| 2 | കയിലിയാട് ക്ഷീരോല്പാദന സഹകരണ സംഘം | 36 | 39 | 41 | 40 | 36 | 51 | 49 | 53 | 0 | 0 | 0 | 0 |
| 3 | പാലക്കോട് ക്ഷീരോല്പാദന സഹകരണ സംഘം | 3 | 3 | 3 | 3 | 3 | 3 | 3 | 3 | 0 | 0 | 0 | 0 |

സർക്കാർ ഉത്തരവ് (എം.എസ്) 22/2018/ത.സ്വ.ഭ.വ തീയതി 14-2-18 പ്രകാരം ഒരു ലിറ്റർ പാലിന് 3 നിരക്കിൽ (ക്ഷീര വികസന വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പെടെ 4 രൂപ) സബ്സിഡി നൽകാവുന്നതാണ്. എന്നാൽ ക്ഷീരകർഷകർക്ക് ആനുകൂല്യം നൽകിയിരിക്കുന്നത് 2 രൂപ നിരക്കിലാണ്. കൂടാതെ 2018 ഏപ്രിൽ മുതൽ 2018 നവംബർ വരെയുള്ള കാലയളവിൽ ക്ഷീര സംഘങ്ങളിൽ പാൽ നൽകിയ കർഷകർക്കു മാത്രമാണ് ആനുകൂല്യം ലഭിച്ചിട്ടുള്ളത്. പദ്ധതി കാലയളവിലെ 12/18 മുതൽ 3/19 വരെയുള്ള മാസങ്ങളിൽ ക്ഷീര സംഘങ്ങളിൽ പാൽ നൽകിയ കർഷകർക്കു സബ്സിഡി നൽകുവാൻ ആവശ്യമായ തുക പ്രൊജക്റ്റിൽ വകയിരുത്തിയിട്ടില്ലെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യഗസ്ഥ വിശദീകരണം നൽകിയത്. ഭാവിയിൽ മതിയായ തുക വകയിരുത്തി, സർക്കാർ നിർദ്ദേശ പ്രകാരം പ്രൊജക്റ്റുകൾ നടപ്പാക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-25 കശാപ്പുശാലകളും ഇറച്ചിക്കടകളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേർ, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്കും, കോഴി, താറാവ്, മറ്റ് പക്ഷി വിൽപ്പന കേന്ദ്രങ്ങൾക്കും 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയർക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ 2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/ തസ്വഭവ തീ.17-09-2009 , സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012 ) എന്നിവയിലെ നിബന്ധനകൾ പ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി , ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി കടകൾ, കോഴി,താറാവ് മുതലായ പക്ഷി വിൽപ്പന കേന്ദ്രങ്ങൾക്കും എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ )വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. യോഗ്യമായവക്ക് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. തീയതി -2019 )

# 1-26 അസാധാരണച്ചെലവ് രജിസ്റ്റർ പരിപാലിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

എന്നാൽ, അസാധാരണ ചെലവുകൾക്ക് വേണ്ടി രജിസ്റ്റർ പരിപാലിക്കുകയോ ഈയിനത്തിലെ ചെലവുകൾ പ്രത്യേകം രേഖപ്പെടുത്തുകയോ ചെലവ് പരിധി പാലിക്കുകയോ മേലുദ്യോഗസ്ഥർ പരിശോധിക്കുകയോ, ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി വിലയിരുത്തുകയോ ചെയ്യുന്നില്ലെന്ന്

പരിശോധനയിൽ കണ്ടെത്തി. 2018-19 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന തുകകൾ ദൈനംദിന ചെലവായി പരിഗണിക്കുന്നതായി കണ്ടെത്തി. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ചെലവിനം | തുക | ബിൽ നം , തീയ്യതി |
|---|---|---|---|
| 1 | വികസന സെമിനാർ ലൈറ്റ് & സൗണ്ട് | 20900/- | 21800200/ 2.6.18 |
| 2 | ICP remembrance Day | 7280/- | 21800249/ 18.6.18 |
| 3 | Panchayath Day Celeberation | 15000/- | 21801092/ 31.1.19 |

ആയതിനാൽ മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിനു വേണ്ടി അസാധാരണച്ചെലവുകൾക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതും അതുമായിബന്ധപ്പെട്ട ചട്ടങ്ങൾ പാലിക്കേണ്ടതുമാണ്.

# 1-27 ഔദ്യോഗിക വാഹനങ്ങളുടെ പരിപാലനം- സർക്കാർ ഉത്തരവുകളും നിർദേശങ്ങളും പാലിക്കപ്പെടുന്നില്ല

ചളവറ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഔദ്യോഗിക വാഹനങ്ങളുടെ പരിപാലനം ലോഗ്ബുക്കുകളുടെ സൂക്ഷിപ്പ് എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു

ജി.ഒ(എം.എസ്)നം.170/07തസ്വഭവ തിയതി 30.6.2007 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ നിർബന്ധമായും സൂക്ഷിക്കേണ്ട രജിസ്റ്ററുകളെക്കുറിച്ചും റെക്കോർഡുകളെക്കുറിച്ചും മാർഗ്ഗരേഖയിൽ വിശദീകരിച്ചിട്ടുണ്ട്. സർക്കാർ വാഹനങ്ങളുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിനായി 12.8.2008 ന് 41/2008-ാം നമ്പറായി ധനവകുപ്പ് വിശദമായ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഒരു ബൊലീറോ ജീപ്പും, പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്ന ഒരു മാരുതി വാനുമാണുള്ളത്. ഔദ്യോഗിക വാഹനങ്ങളുടെ ഉപയോഗത്തിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

വാഹനം (1) (Bolero) രജിസ്ട്രേഷൻ നം.- KL 51 C 1818 BOLERO SLX

(2) KL 51 C 2727- Maruthi Van- ( For Pain & Palliative purppose)

എ. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

വാഹനങ്ങളുടെ ലോഗ് ബുക്ക് മാത്രമാണ് നിലവിൽ സൂക്ഷിച്ചു പോരുന്നത്. റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ മുതലായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഓരോ മാസാവസാനവും കിലോമീറ്റർ, ഇന്ധന അളവ് എന്നിവയുടെ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

സ.ഉ(പി)നം.161/2006/ഫിൻ തിയതി 31-3-2006 പ്രകാരം സൂക്ഷിക്കേണ്ട വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, ഇൻഷ്വറൻസ് പോളിസിയുടെ വിവരം കാണിക്കുന്ന രജിസ്റ്റർ മുതലായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

<u>ബി. ഇന്ധനം നിറയ്ക്കൽ</u>

കസ്റ്റോഡിയൻ ഓഫീസറുടേയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റേയോ സാന്നിദ്ധ്യത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതാണെന്ന നിബന്ധനയും പാലിക്കുന്നില്ല. പലപ്പോഴും കുറഞ്ഞ അളവിലുള്ള ഇന്ധനമാണ് നിറയക്കുന്നത്. ഇന്ധനം നിറയ്ക്കുന്നതിന്റെ വിവരം ലോഗ് ബുക്കിൽ ചേർക്കുന്നതിൽ വീഴ്ച വരുത്തിയിട്ടും നിർവ്വഹണാധികാരി ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടില്ല.

ജി.ഒ.(എം.എസ്)170/07/ത.സ്വ.ഭ.വ/30.6.2007 പ്രകാരം വാഹനത്തിന്റെ ഇന്ധനക്ഷമതാ പരിശോധന ആറു മാസത്തിലൊരിക്കൽ നടത്തേണ്ടതും ഇന്ധനക്ഷമതാ സർട്ടിഫിക്കററ് ലോഗ് ബുക്കിൽ പതിക്കേണ്ടതുമാണ്. ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തിയതിന്റ സർട്ടിഫിക്കററ് ഓഡിറ്റിന് ഹാജരാക്കിയില്ല.വാഹനത്തിന്റെ ലോഗ്ബുക്ക് കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ഉറപ്പുവരുത്തേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ സെക്രട്ടറി ലോഗ്ബുക്ക് പരിശോധിച്ച സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൻമാസത്തെ ഇന്ധന ഉപയോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ്ബുക്കിൽ തൻമാസം അവസാനത്തെ ദിവസംതന്നെ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മാസാന്ത്യ സംക്ഷിപ്തം ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും, ഔദ്യോഗിക വാഹനങ്ങളുടെ ഉപയോഗം പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട ഉത്തരവുകൾ കൃത്യമായി പാലിക്കപ്പെടുന്നു എന്നും രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കപ്പെടുന്നു എന്നും ഉറപ്പു വരുത്തേണ്ടതാണ്.

# 1-28 അനർഹന് സബ്സിഡി നൽകി

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

പ്രൊജക്ട് നമ്പർ 0009/19

അടങ്കൽ : ഗ്രാമപഞ്ചായത്ത് വിഹിതം 3,12,500/- +

സംസ്ഥാനാവിഷ്കൃതം 3,12,500/- +

ഗുണഭോക്തൃ വിഹിതം 6,25,000/-

ചെലവ്- 262500 /- (ബിൽ നം 7 തീയതി 19-12-18)

നിർവഹണം-വെറ്റിനറി സർജൻ

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗ്ഗരേഖ ഖണ്ഡിക 2.12.2 ലെ നിർദ്ദേശ പ്രകാരം മൃഗസംരക്ഷണ മേഖലയിൽ വ്യക്തിഗത സബ്സിഡി നൽകുന്നതിന് കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രൊജക്ട് പ്രകാരം ആനുകൂല്യം നൽകിയ ശ്രീ. സദാനന്ദൻ നമ്പൂതിരി, പാതിരിക്കുന്നത് മന, മുണ്ടക്കോട്ടുക്കുറുശ്ശി അപേക്ഷയോടൊപ്പം ഹാജരാക്കിയ രേഖ പ്രകാരം (റേഷൻ കാർഡ് നം.1948039667) 5 ലക്ഷം രൂപയിൽ കൂടുതൽ കുടുംബ വാർഷിക വരുമാനമുള്ളതായി കാണുന്നു.അനർഹനായ ഗുണഭോക്താവിന് നൽകിയ സബ്സിഡി രൂ.6250/-, 911- DEDUCT-RECOVERIES OF OVER PAYMENTS എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടവാക്കേണ്ടതാണ്.

<u>ഭാഗം-II</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

-ഒന്നുമില്ല-

<u>ഭാഗം-3</u>

-ഒന്നുമില്ല-

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 1.7.2019-2.7.2019 | നം.കെ.എസ്.എ-പികെഡി-21/997/2019(9)/26-8-2019 |

# 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 492241 | 19/2018ലൈഫ്മിഷൻ (പൊതു വിഭാഗം) | 492241 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2786211 | 20/2019ലൈഫ്മിഷൻ (എസ്.സി വിഭാഗം) | 0 | 2786211 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 500000 | 188/18കരിമ്പനത്തോട്ടം-പാലാട്ടുപടി അങ്കണവാടിക്ക് കെട്ടിട നിർമ്മാണം | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 50713 | 49/17 സമഗ്ര നെൽകൃഷി വികസനം | 0 | 50713 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 273750 | 6/19ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 273750 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 783900 | 4/19സമഗ്ര കൃഷി വികസനം | 783900 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1423484 | 19/19ലൈഫ്മിഷൻ (പൊതു വിഭാഗം) | 1423484 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 4295372 | 20/2019ലൈഫ്മിഷൻ (എസ്.സി വിഭാഗം) | 1665209 | 1870163 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 273750 | 6/19ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 273750 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18<br>2018-19 | 2037000<br>2500000 | 13/19 വാതക ശ്മശാന നിർമ്മാണം | 1665209 | 2871791 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 956250 | 4/19 സമഗ്ര നെൽകൃഷി വികസനം | 956250 | 0 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്കായി തുകയൊന്നും മുൻകൂർ നൽകിയിട്ടില്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

# 4-5 വായ്പ, വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ് ഭവന പദ്ധതി | GO(P)No.1000 /2010 തി.24.3.2010 | 1187500 | 395830 | 131945* | 0 | 263885 |
| ലൈഫ് മിഷൻ ഭവന പദ്ധതി | ഹഡ്കോ വായ്പ | 8161244 | | 0 | 0 | 8161244 |

*veo യുടെ ട്രഷറി ബിൽനം 2/28-05-2018 (സാംഖ്യ വൌച്ചർ നം 20/21-05-2018)പ്രകാരം 131945 രൂപ ഇ.എം.എസ് ഭവന പദ്ധതിയുടെ തിരിച്ചടവ് ഉണ്ടെങ്കിലും balance sheet ലെ നീക്കിയിരിപ്പിൽ തദനുസൃതമായ കുറവ് വന്നിട്ടില്ല.

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 7493 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | ഉദ്യോഗസ്ഥരും | |
|---|---|---|---|---|
| 2016-17 | 3-1 | 7493 | പ്രഭാകരൻ.എൻ<br>അസി.എഞ്ചിനിയർ | രസീതി നം 118090104201<br>തിയതി 31-3-2019 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം*

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 4-1 | 2015-16 | 4.1.1 | തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെ പുതിയ അക്കൗണ്ടിംങ് സമ്പ്രദായം സംബന്ധിച്ച അവലോകനം | 20-6-2017ന് മറുപടി സമർപ്പിച്ചിട്ടുണ്ട് |

# 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)<u>ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

തുക ഈടാക്കിയിട്ടില്ല.

(എ)<u>സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

തുക ഈടാക്കിയിട്ടില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 92098255 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68656757 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹.6250 |
| ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക | ₹ 200000 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

<u>ഭാഗം.1-ൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 6250 | ഡോ.സുജിത്.എം.എസ്<br>വെറ്ററിനറി സർജൻ |

<u>ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 200000 | ഡോ.ധനീഷ്.പി.പി<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | 200000 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഒന്നുമില്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സുജിത്.എം.എസ്<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ ചളവറ ഗ്രാമ പഞ്ചായത്ത് | "ജ്യോതിസ്", ശാന്തി നഗർ, ഷൊർണ്ണൂർ<br>പാലക്കാട് |
| ഡോ.ധനീഷ്.പി.പി<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ,<br>ചളവറ ഗ്രാമപഞ്ചായത്ത് | പനവള്ളി വീട് ഇയ്യൽ പി.ഒ<br>തൃശ്ശൂർ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | 408/12/17.02.2012 | 3 |
| 1997-98 | 408/12/17.02.2012 | 7 |
| 1998-99 | 408/12/17.02.2012 | 8 |
| 1999-00 | 408/12/17.02.2012 | 5 |
| 2000-01 | 408/12/17.02.2012 | 14 |
| 2001-02 | 408/12/17.02.2012 | 9 |
| 2002-03 | 408/12/17.02.2012 | 6 |
| 2003-04 | LFP 14/1753/08/24.10.2009 | 11 |
| 2004-05 | LFP 14/1643/11/29.09.11 | 8 |
| 2005-06 | LFP 14/1643/11/29.09.11 | 6 |
| 2006-07 | LFP 14/58/2009/26.03.09 | 13 |
| 2007-08 | LFP16 /2024/12/16.07.13 | 7 |
| 2008-09 | LFP16/612/12/16.08.13 | 10 |

| | | |
|---|---|---|
| 2009-10 | LFP16/1298/13/05.02.14 | 12 |
| 2010-11 | LFP16/1298/13/05.02.14 | 13 |
| 2011-12 | LFP16/1275/14/07.10.14 | 12 |
| 2012-13<br>2013-14<br>2014-15 | KSA-PKD-P16/1236/16/ 20.07.16 | 19 |
| 2015-16 | KSA PKD-16-1885/16/5-10-16 | 14 |
| 2016-17 | KSA PKD-16/1652/2017 dt.25-08-17 | 30 |
| 2017-18 | KSA PKD-16/313/2019 dt.12-04-19 | |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടിഡയറക്ടർ

# അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.-പി.കെ.ഡി-21/997/2019(9)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഫോൺ-04912-520145, തിയതി.26-08-2019

ഇ-മെയിൽ-dopkd.ksad@kerala.gov.in

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ4ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമ പഞ്ചായത്തിന്റെ 31-03-2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചളവറ ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം

ന്യൂനതകളുടെ സംഗ്രഹം

1. ലോൺ രജിസ്റ്ററിലെ ലോൺ തിരിച്ചടവ് തുകയും (₹263885) വാർഷിക ധനകാര്യപത്രികയിലെ തുകയും (₹395830) പൊരുത്തപ്പെടുന്നില്ല.
2. ഗ്രാമ പഞ്ചായത്തിന് സ്ഥിര നിക്ഷേപം ഒന്നും തന്നെ ഇല്ലാതിരിക്കെ വാർഷിക ധനകാര്യ പത്രികschedule B-12 ൽ 712500/- രൂപ രേഖപ്പെടുത്തിക്കാണുന്നു.
3. ആസ്തികൾക്ക് ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലുംആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ചാർജ്ജ് ചെയ്ത തുകയുടെ കൃത്യത ഉറപ്പാക്കാനായില്ല.
4. സ്റ്റോക്ക് രജിസ്റ്റർ വാല്യൂബേസ്ഡ് ആക്കി സൂക്ഷിക്കുന്നില്ല.
5. സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുക ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്താണ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അഡ്ജസ്റ്റ് ചെയ്തതിന്റെ വിശദവിവരങ്ങളടങ്ങിയ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD21/997/2019(9)

Kerala State Audit Department,

District Audit Office, Palakkad

Phone Number: 04912-520145

Date 26-08-2019

email: dopkd.ksad@kerala.gov.in

## CERTIFICATE

Certified that I have examined the Annual Financial Statement of Chalavara Grama Panchayat for the year ended on 31-03-2019 in Palakkad District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayathi Raj institutions/Municipalities/Corporations.

In my opinion the financial statement of Chalavara Grama Panchayat for the year 2018-19 subject to the observations in the annexure properly presents the picture of income, expenditure and closing balance.

Deputy Director

## Annexure

Abstract of defects/discrepancies

1. The loan repayment amount (₹263885) do not match with the Annual Financial Statement (₹395830)
2. The Grama Panchayat has no fixed deposit. But the Annual Financial Statement Schedule B-12 shows an amount of ₹712500.
3. Depreciation has been recorded for the assets. But the Asset register is incomplete and the accuracy of the charged amount could not be ascertained.
4. The stock register is not kept as a value based.
5. Property tax Demand-Collection -Balance in Sanchaya software is matched to the Annual Financial Statement by book adjustment. But details of the adjustment were not made available for inspection.

Deputy Director

# അനുബന്ധം 2 പത്രികകൾ

| | | | |
|---|---|---|---|
| | Chalavara Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 11431580.00 |
| Cash | Cash | RP-40(a) | 15228.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 913510.00 |
| 140000000 | Fees & User Charges | RP-4 | 1301250.00 |
| 150000000 | Sale & Hire Charges | RP-5 | 404561.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 47942188.00 |
| 171000000 | Interest Earned | RP-9 | 176713.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 18224044.00 |
| 340000000 | Deposits Received | RP-34 | 500.00 |
| 350000000 | Other Liabilities | RP-36 | 65111.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 0.0 |
| 180000000 | Other Income | RP-10 | 13243.00 |
| 311000000 | Earmarked Funds | RP-29 | 3350.00 |
| 330000000 | Secured Loans | RP-32 | 8161244.00 |
| 340000000 | Deposits Received | RP-34 | 206213.00 |
| 350000000 | Other Liabilities | RP-36 | 236063.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2449850.00 |
| 460000000 | Loans, Advances and Deposits | RP-47 | 553607.00 |
| | Grand total | | 92098255.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4359660.00 |
| 220000000 | Administrative Expenses | RP-12 | 1146377.00 |
| 230000000 | Operations & Maintenance | RP-13 | 2636578.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 5874089.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 22771031.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 4483261.00 |
| 253000000 | Decentralised Plan Programme- | RP-18 | 1169699.00 |

| | | | |
|---|---|---|---|
| | Projects not included in | | |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 422280.00 |
| 255000000 | Maintenance Projects | RP-20 | 6324372.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 100000.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 563961.00 |
| 280000000 | Prior Period item | RP-26 | -186429.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 121865.00 |
| 350000000 | Other Liabilities | RP-36 | 4283916.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 649.00 |
| 280000000 | Prior Period Item | RP-26 | -2630.00 |
| 312000000 | Reserves | RP-30 | 0.0 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 23950.00 |
| 350000000 | Other Liabilities | RP-36 | 1664514.00 |
| 410000000 | Fixed Assets | RP-38 | 1603941.00 |
| 412000000 | Capital work in Progress | RP-40 | 9550274.00 |
| 420000000 | Investments | RP-41 | 712500.00 |
| 460000000 | Loans, Advances and Deposits | RP-47 | 1032899.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 23391011.00 |
| Cash | Cash | RP-40(b) | 50487.00 |
| | Grand Total | | 92098255.00 |

Chalavara Grama Panchayat
INCOME & EXPENDITURE
STATEMENT

| | For the period from 01-April-2018 to 31-March-2019 | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3356780.00 |
| 140000000 | Fee & User Charges | I-4(b) | 1395900.00 |
| 150000000 | Sale & Hire Charges | I-5(b) | 404561.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 104635021.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 176713.00 |
| 180000000 | Other Income | I-9 | 13243.00 |
| | Total Income | | 109982218.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10172276.00 |
| 220000000 | Administrative Expenses | I-11(b) | 1146377.00 |
| 230000000 | Operations & Maintenance | I-12(b) | 2647623.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6073806.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 36844881.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4283544.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1169699.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 43071480.00 |
| 255000000 | Maintenance Projects | I-14(e) | 6324372.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 100000.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 563961.00 |
| | Total Expenditure | | 112398668.00 |
| | Gross Surplus/ Deficit of income over Expenditure | | -2416450.00 |
| 280000000 | Prior Period Item | I-18 | 324288.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -2740738.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Chalavara Grama Panchayat

BALANCE SHEET

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 11984996.48 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 631136.00 |
| 312000000 | Reserves | B-3 | 52806134.00 |
| | Total Reserve & Surplus | | 65422266.48 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 11353555.00 |
| | Total Grants, Contributions for Specific Purposes | | 11353555.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 8557074.00 |
| | Total Loans | | 8557074.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 297759.00 |
| 350000000 | Other Liabilities | B-9 | 2449466.51 |
| | Total Current Liabilities and Provisions | | 2747225.51 |
| | TOTAL LIABILITIES | | 88080120.99 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 60478396.00 |
| 411000000 | Accumulated Depreciation | B-11 | -8642795.00 |
| 412000000 | Capital Work in Progress | B-11(a) | 10923337.00 |
| | Total Fixed Assets | | 62758938.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 712500.00 |
| | Total Investments | | 712500.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 16631.99 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 527775.00 |
| 450000000 | Cash and Bank Balance | B-17 | 23441498.00 |